# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2022 ജനുവരി 1

# വാർത്താക്കുറിപ്പ്

---

## പ്രൊഫ. സാബു തോമസിന് ജോഹന്നാസ് ബർഗ് സർവ്വകലാശാലയുടെ ബഹുമതി

മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലറും ശാസ്ത്രജ്ഞനും ഗവേഷകനുമായ പ്രൊഫ. സാബു തോമസിന് ദക്ഷിണാഫ്രിക്കയിലെ ഏറ്റവും ഉന്നത അക്കാദമിക സ്ഥാപനങ്ങളിലൊന്നായ യൂണിവേഴ്സിറ്റി ഓഫ് ജോഹന്നാസ് ബർഗിന്റെ 'ഡിസ്റ്റിംഗ്വിഷ്ഡ് പ്രൊഫസർഷിപ്പ്' ബഹുമതി. അഞ്ചു വർഷമാണ് ബഹുമതിയുടെ കാലാവധി.

പോളിമർ സയൻസ്, നാനോ സയൻസ് ആന്റ് നാനോ ടെക്നോളജി മേഖലകളിൽ പ്രൊഫ. സാബു തോമസ് നൽകിയ അതുല്യ സംഭാവനകൾ കണക്കിലെടുത്താണ് യൂണിവേഴ്സിറ്റി ഓഫ് ജോഹന്നാസ് ബർഗ് ഈ ബഹുമതി അദ്ദേഹത്തിന് നൽകിയത്.

ഇതിനകം അഞ്ച് പേറ്റന്റുകൾ പ്രൊഫ. സാബു തോമസിൻ്റെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതു കൂടാതെ 11 പേറ്റന്റുകൾക്കുള്ള അപേക്ഷ വിവിധ ഘട്ടങ്ങളിലായി പരിശോധനയിലുമാണ്. 119 വിദ്യാർത്ഥികളുടെ ഗവേഷണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ച അദ്ദേഹത്തിൻ്റെതായി 1400 പ്രബന്ധങ്ങൾ ഗവേഷണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഏറെ പ്രാധാന്യമുള്ള സ്കോപ്പസ് ഇൻക്സ്ഡ് പ്രസിദ്ധീകരണങ്ങളിൽ ഇതിനകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഡോ. സാബു തോമസിന്റെ ഗവേഷണ നേട്ടങ്ങൾ അനേകം ഗവേഷണ പ്രബന്ധങ്ങളിലായി 69000 പ്രാവശ്യം ഉദ്ധരിക്ക (citation) പ്പെട്ടിട്ടുണ്ടെന്നതും ശ്രദ്ധേയമാണ്.

ഡോ. സാബു തോമസിന്റെ ശാസ്ത്ര പ്രഭാഷണങ്ങൾ ജോഹന്നാസ് ബർഗ് യൂണിവേഴ്സിറ്റിയിൽ നടത്താനും പരിപാടിയുണ്ട്. ഇരു സർവ്വകലാശാലകൾക്കുമിടയിലുള്ള അക്കാദമിക സഹകരണം ശക്തിപ്പെടുത്തുന്നതിനും അദ്ദേഹത്തിന് ലഭിച്ച ഈ ബഹുമതി സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു. സംയുക്ത മേഖലയിൽ കൂടുതൽ ഗവേഷണ പദ്ധതികൾ ആരംഭിക്കുന്നതിനും യൂറോപ്യൻ യൂണിയൻ നിന്ന് ഉൾപ്പെടെയുള്ള മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള ഗവേഷണ പദ്ധതികൾ മഹാത്മാഗാന്ധി സർവകലാശാലക്ക് ലഭിക്കുന്നതിനും അവസരം തുറക്കുന്നതും കൂടയാണ് പ്രൊഫ. സാബു തോമസിന് ലഭിച്ച ഈ പ്രത്യേക പദവി.

(പി.ആർ.ഒ/39/1/2022)

## അപേക്ഷാ തീയതി

ഫെബ്രുവരി രണ്ടിന് ആരംഭിക്കുന്ന നാലാം വർഷ ബി.പി.റ്റി (2008 മുതലുള്ള അഡ്മിഷൻ - റഗുലർ/സപ്ലിമെൻ്ററി) പരീക്ഷക്കുള്ള അപേക്ഷകൾ പിഴയില്ലാതെ ജനുവരി 19 വരെയും 525 രൂപ പിഴയോടെ ജനുവരി 20 നും 1050 രൂപ സൂപ്പർ ഫൈനോടെ ജനുവരി 21നും സർവ്വകലാശാല ഓഫീസിൽ സ്വീകരിക്കും. വിദ്യാർത്ഥികൾ പെപ്പറൊന്നിന് 35 രൂപ നിരക്കിൽ ( പരമാവധി 210 രൂപ) സി.വി. ക്യാംപ് ഫീസും പരീക്ഷാ ഫീസിന് പുറമേ അടയ്ക്കണം. കൂടുതൽ വിവരങ്ങൾ സർവ്വകലാശാല വെബസൈറ്റിൽ.

(പി.ആർ.ഒ/39/2/2022)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ